4

# ബുധൻ, വ്യാഴം, വെള്ളി

**മത്തായി 26:1-35; മർക്കൊസ് 14:1-31; ലൂക്കൊസ് 22:1-38; യോഹന്നാൻ 13-17**

*"... പെസഹ പെരുന്നാളിന്നു മുമ്പെ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതു പോലെ അവസാനത്തോളം അവരെ സ്നേഹിച്ചു" (യോഹന്നാൻ 13:1).*

ചൊവ്വാഴ്ച്ചയിലെ വാദപ്രതിവാദങ്ങൾക്കുശേഷം, ദൈവം യേശുവിനു ഒരു ദിവസം അവധി കൊടുത്തു. ബുധനാഴ്ച്ച അവൻ എവിടെ ആയിരുന്നുവെന്നോ, ആരോടുകൂടെ ആയിരുന്നുവെന്നോ, എന്തു ചെയ്തുവെന്നോ നമുക്ക് അറിയില്ല. നമ്മിൽ ഇടിവെട്ടേൽപ്പിക്കുന്ന നിശബ്ദത ആയിരുന്നു അത്! യേശുവിനാൽ സദൂക്യർ ലഹളയുണ്ടാക്കിയതിൽ പരീശന്മാർക്കു സന്തോഷം ആണുണ്ടായത്, എന്നാൽ യേശു അവരെ മിണ്ടാതാക്കിയപ്പോൾ അവരുടെ സന്തോഷം പെട്ടെന്ന് വെറുപ്പായി മാറി. "നമുക്കു അവനോടു ഉത്തരം പറയുവാൻ കഴിയാത്തതുകൊണ്ട്, നമുക്ക് അവനെ കൊല്ലണം" എന്നായിരുന്നു, അവന്റെ ശത്രുക്കളുടെ വിചാരം.

ആ ദിവസം യേശു തിരക്കിലായിരുന്നില്ല എങ്കിലും, യൂദാ തിരക്കിലായിരുന്നു. അവനെ ഒറ്റിക്കൊടുത്തതു പെട്ടെന്നുണ്ടായ ഒരു തോന്നലായിരുന്നില്ല - അതു ബോധപൂർവ്വമായിരുന്നു. ന്യായാധിപസംഘം, യെഹൂദന്മാരുടെ ഉയർന്ന സഭ, അവരും തിരക്കിലായിരുന്നു, രഹസ്യമായി അവർ യോഗം കൂടി. സാത്താനും, തിരക്കിലായിരുന്നു. കൊടുങ്കാറ്റിനു മുൻപുള്ള ശാന്തതയായിരുന്നു ബുധനാഴ്ച്ച. യേശു അന്നു മുഴുവൻ ദൈവവുമായി പ്രാർത്ഥനക്കായി ചെലവിട്ടു എന്നു നിങ്ങൾ ഊഹിക്കുന്നുണ്ടോ?

**പെസഹക്കു വേണ്ടിയുള്ള ഒരുക്കം**

വീണ്ടും ഒരിക്കലും ഉറങ്ങാതിരിക്കുവാനാണ് യേശു വ്യാഴാഴ്ച്ച

രാവിലെ ഉണർന്നതു. “നാഴിക” വന്നു. ബുധനാഴ്ച്ചയിലെ വിശ്രമ ശേഷം, തന്നെത്തന്നെ പുതുക്കി യേശു ക്രൂശിലേക്കു നടന്നു. എന്തു സംഭവിക്കുവാൻ പോകുന്നുവോ, അതു അവന്റെ നിയന്ത്രണത്തിലായിരുന്നു. മറ്റുള്ളവർ വിചാരിച്ചു തങ്ങൾ ആണെന്നു, പക്ഷെ അവർ അല്ലായിരുന്നു. ക്രൂശിനു മുൻകയ്യെടുത്തു അതു കൊണ്ടുവന്നതു യേശുവായിരുന്നു. അവൻ നിർണ്ണയിച്ചിരുന്നു, പക്ഷെ ധൃതി കാണിച്ചുമില്ല.

പെസഹ ഭക്ഷണം ഒരുക്കുക എന്നതായിരുന്നു ഈ ദിവസത്തെ ലക്ഷ്യം (മത്തായി 26:17-19; മർക്കൊസ് 14:12-16; ലൂക്കൊസ് 22:7-13). ഒരു മനുഷ്യൻ ഒരു കുടം വെള്ളവുമായി പോകുന്നവനെ പിൻചെല്ലുക എന്നു യേശു തന്റെ അപ്പൊസ്തലന്മാരോടു പറഞ്ഞു. യെരുശലേമിൽ അയാൾ മാത്രമായിരിക്കും അത് ചെയ്യുന്നത്, കാരണം അത് “സ്ത്രീകളുടെ ജോലി” ആയിരുന്നു. അപ്പൊസ്തലന്മാർ യേശു പറഞ്ഞതു പോലെ ചെയ്തു മുറി ഒരുക്കി. ഇതു എത്ര അത്ഭുതാവഹം എന്നു ചിന്തിക്കുക! അവർക്കു ഒരു വലിയ മുറി ആവശ്യമായിരുന്നു. പെസഹ ഒരു സംഘത്തിനായിരുന്നു. യെരുശലേം ആളുകളെ കൊണ്ടു നിറഞ്ഞിരുന്നു. തീർച്ചയായും, ഒഴിവുള്ള മുറികൾ ഒന്നുമില്ലായിരുന്നു. ഈ മുറി ഒഴിവായിരുന്നു എന്നു മാത്രമല്ല, ഒരുക്കിയുമിട്ടിരുന്നു! ഇതെങ്ങനെ സാധിച്ചു? ദൈവത്തിന്റെ ഭയങ്കര കരുണാപ്രവൃത്തിയായിരുന്നു അതു! നമ്മുടെ ജീവിതത്തിലും അസാധ്യമായതു ദൈവത്തിനു സാധ്യമാക്കാൻ കഴിയും.

അപ്പൊസ്തലന്മാരുമായി ആ പെസഹ കഴിക്കുവാൻ യേശുവിനു അതീവ താല്പര്യമുണ്ടായിരുന്നു (ലൂക്കൊസ് 22:14-16). അതിനു പല കാരണങ്ങളും നല്കാൻ കഴിയും: (1) വരുവാനിരിക്കുന്ന തന്റെ കഷ്ടത നിമിത്തം യേശു തന്റെ ശിഷ്യന്മാരുമായി പെസഹ കഴിക്കുവാൻ ആഗ്രഹിച്ചു. അവൻ തന്റെ അപ്പൊസ്തലന്മാരുടെ സൗഹൃദം വേണമെന്നു ആഗ്രഹിച്ചു. (2) കൂടാതെ, ഇതു ദൈവത്തിന്റെ അവസാന പെസഹ ഭക്ഷണം ആയിരുന്നു. യേശു മോശെയുടെ ന്യായപ്രമാണത്തെ ക്രൂശിൽ തറെച്ചു (കൊലൊസ്യർ 2:14). ദൈവം കൊടുത്തതിനെ, തിരിച്ചെടുത്തു. (3) ഇപ്പോൾ യേശു നമ്മുടെ തുടർന്നുള്ള പെസഹ ആണ് (1 കൊരിന്ത്യർ 5:7). (4) മാളിക മുറിയിലെ പെസഹ ഭക്ഷിക്കുന്ന സമയത്തായിരുന്നു, യേശു കർത്തൃമേശ സ്ഥാപിച്ചത്.

രണ്ടു കാര്യങ്ങൾ നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്നു: (1) തിരുവെഴുത്തുകളുടെ ആധികാരികതയും (2) യേശുവിന്റെ അനുസരണവും. യേശു ദൈവത്തിന്റെ ന്യായപ്രമാണം അനുസരിച്ചു! മോശെയുടെ ന്യായപ്രമാണത്തിലായിരുന്നു അവൻ ജനിച്ചതും, ജീവിച്ചു മരിച്ചതും. മോശെയുടെ ന്യായപ്രമാണം അവൻ അക്ഷരാർത്ഥത്തിൽ ശരിയായി അനുസരിച്ചു (മത്തായി 5:17-20), എന്നാൽ അവൻ പരീശന്മാരുടെ മനുഷ്യ - നിർമ്മിത കല്പനകളെ കൂട്ടാക്കിയില്ല. *തിരുവെഴുത്തുകളെ ദുർബ്ബലപ്പെടുത്തരുത്. സ്നേഹാത്മാവിനാൽ ദുരുപദേശങ്ങളെയും ദുരുപദേഷ്ടാക്കളെയും എതിർക്കുക.*

**ഒരു തോർത്തുകൊണ്ടുള്ള ശുശ്രൂഷ**

ഇപ്പോൾ നാം വ്യാഴാഴ്ച്ച രാത്രി എത്തിയിരിക്കയാണ്, അതു യെഹൂദന്മാരുടെ വെള്ളിയാഴ്ച്ച തുടങ്ങുന്നതാണ്. യേശു മരിക്കുവാൻ പോകുമ്പോൾ, അപ്പൊസ്തലന്മാരിൽ ആരായിരിക്കും വലിയവൻ എന്ന ചിന്തയുണർന്നു (ലൂക്കൊസ് 22:24–30). യൂദായും ഇതിൽ ഉൾപ്പെട്ടിരിക്കുവാനിടയില്ലേ? അവൻ മറിയ യേശുവിനെ ആദരിച്ച് അഭിഷേകം ചെയ്തതിനെ എതിർത്തിരുന്നതാണ് (യോഹന്നാൻ 12:1–8). അവന്റെ ഹൃദയം അവന്റെ ആത്മാവിനെ വെളിപ്പെടുത്തി.

എല്ലാ സംഘത്തിനും ഓരോ നായകൻ കാണും. ആരെങ്കിലും ഉത്തരവാദിയായിരിക്കണം. യേശു പത്രൊസിനെയും, യാക്കൊബിനെയും, യോഹന്നാനെയും തന്റെ അദ്ധ്യക്ഷന്മാരായി വേർതിരിക്കയുണ്ടായി. അപ്പൊസ്തലന്മാർക്കിടയിൽ അസംതൃപ്തിയും, അസൂയയും, അധികാര വടംവലിയും ഉണ്ടായിരിക്കാനിടയില്ലേ?

യൂദാ യേശുവിനെ ഒറ്റിക്കൊടുത്തതു പെട്ടെന്നുള്ള ആവേശം ആയിരുന്നില്ല. അവർ പന്തിയിൽ ഭക്ഷണത്തിനിരുന്നപ്പോൾ ഒരു സ്ഫോടനം നീറിപ്പുകഞ്ഞുകൊണ്ടിരുന്നു, എന്നാൽ പ്രശ്നം വളരെ വലുതായിരുന്നു. പുറജാതിക്കാരുടെ അധികാരത്തെ വിഗ്രഹാരാധനയാണെന്നു യേശു പഠിപ്പിച്ചു പറഞ്ഞു, “നിങ്ങളിൽ അങ്ങനെ ആകരുത്” (മത്തായി 20:20–28; മർക്കൊസ് 10:35–45). യോഹന്നാനും യാക്കൊബും (അവരുടെ അമ്മ) പ്രത്യേക പദവി ആവശ്യപ്പെട്ടിരുന്നു. മുഖ്യാസനങ്ങളെ ആഗ്രഹിക്കുന്നതിനെ കുറിച്ചു യേശു വളരെ പറഞ്ഞിട്ടുണ്ട് (നോക്കുക മത്തായി 23:6–12; മർക്കൊസ് 12:38–40; ലൂക്കൊസ് 20:45–47). നമുക്കു ഇന്നു അതേ പ്രശ്നമായ അഹംഭാവവും കാഠിന്യവും ഉണ്ട്. യേശു നമുക്കു കാണിച്ചു തന്ന ആ വിനയ മനോഭാവത്താൽ നമുക്ക് അതിനെ തരണം ചെയ്യുവാൻ കഴിയും (ഫിലിപ്പിയർ 2:5–8).

അവനു സഹിക്കാനുള്ളതെല്ലാം യേശു എങ്ങനെ കൈകാര്യം ചെയ്തു? അവൻ ഒച്ചവെച്ചില്ല, ഭീഷണിപ്പെടുത്തിയില്ല, കഠിനമായി ശാസിച്ചുമില്ല. യേശുവിന്റെ സ്ഥാനത്തു നാം ആയിരുന്നു എങ്കിൽ, നാം ദൈവത്തോടു “ദൈവമേ ഞങ്ങൾക്കു വേറെ ഒരു കൂട്ടം അപ്പൊസ്തലന്മാരെ തരേണമേ!” എന്നു പറയുമായിരുന്നു. അതിനുപകരം, അവൻ ശാന്തമായി, അവരെ പഠിപ്പിച്ചുകൊണ്ടിരുന്നു! അവൻ ഒരു തുവർത്ത് എടുത്തു അവരുടെ കാൽ കഴുകി (നോക്കുക യോഹന്നാൻ 13:1–17). നിശബ്ദത പ്രതിരോധിക്കുന്നതായിരുന്നു. അതു പത്രൊസിന്റെ എതിർപ്പിലൂടെ പുറത്തുവന്നു: “നീ എന്റെ കാൽ ഒരിക്കലും കഴുകുകയില്ല!” ഉറപ്പോടെ, അതേ സമയം സൗമ്യമായി, യേശു പത്രൊസിനെ നിശബ്ദനാക്കി. കാൽ കഴുകപ്പെടുന്നതിനേക്കാൾ എളുപ്പം കഴുകുന്നതാണ്. ദൈവപുത്രൻ ഒരു തുവർത്തുമായി തന്റെ സഭയ്ക്കു അടിസ്ഥാനമിട്ടു. അവൻ “ശുശ്രൂഷകൻ” എന്നു അവനെക്കുറിച്ചു പറഞ്ഞിരുന്നു (നോക്കുക ലൂക്കൊസ് 22:27). യൂദാ അടക്കം, അവിടെ സന്നിഹിതരായിരുന്നവരുടെ കാലുകളാണ് യേശു കഴുകിയത്. അവൻ പിന്നെ അനേക മുന്നറിയിപ്പുകളിൽ ഒന്നു തന്റെ ശിഷ്യന്മാർക്കു നല്കുവാൻ തുടങ്ങി, എന്നാൽ അവ വിജയം കൂടാതെയായിരുന്നു നല്കിയത്.

## ഒരു ഒറ്റിക്കൊടുപ്പുകാരനെ തിരിച്ചറിയൽ

ആസന്നമായ ഒറ്റിക്കൊടുക്കലിനെ കുറിച്ചു, യേശു പെസഹ ഭക്ഷിക്കുമ്പോൾ പറഞ്ഞിരുന്നു. യൂദാ ആയിരിക്കും ഒറ്റിക്കൊടുപ്പുകാരൻ എന്ന് മറ്റുള്ളവർക്കു ബോധ്യമായി എന്ന് നാം ഒരു പക്ഷെ ചിന്തിച്ചേക്കാം, പക്ഷെ അങ്ങനെയല്ല. അവർക്കിടയിൽ മറ്റാരെങ്കിലും കർത്താവിനെ ഒറ്റിക്കൊടുക്കുമെന്നു അപ്പൊസ്തലന്മാർ വിശ്വസിച്ചില്ല ... എന്നാൽ താനായിരിക്കുമോ എന്നു ഓരോരുത്തരും ഭയപ്പെട്ടിരുന്നു (മത്തായി 26:21–25; മർക്കൊസ് 14:18–21; ലൂക്കൊസ് 22:21–23; യോഹന്നാൻ 13:21–30). യൂദാ ചോദിച്ചു, ''അതു ഞാൻ ആണോ?'' (മത്തായി 26:25; എൻകെജെവി). എന്നോടുകൂടെ അപ്പ "ഖണ്ഡം" തിന്നുന്നവൻ തന്നെ കാണിച്ചു കൊടുക്കും എന്നു യേശു പറഞ്ഞു (യോഹന്നാൻ 13:26). അവൻ അപ്പഖണ്ഡം യൂദായ്ക്കു കൊടുത്തപ്പോൾ, അപ്പൊസ്തലന്മാർ വിസ്മയാവഹമായി തികച്ചും തെറ്റിദ്ധരിച്ചു. യേശു അതറിഞ്ഞു എന്നു യൂദാ ഗ്രഹിച്ചു! (നോക്കുക മത്തായി 26:25.)

വർഷങ്ങൾക്കു മുൻപു, യോഹന്നാൻ 13:30 അടിസ്ഥാനമാക്കി, റിവെൽ ലെമൺസിന് "അന്നു രാത്രിയായിരുന്നു," എന്നുപേരുള്ള ഒരു പ്രസംഗമുണ്ടായിരുന്നു, അതിൽ പറയുന്നു, "അപ്പഖണ്ഡം ലഭിച്ചശേഷം [യൂദാ] ഉടനെ എഴുന്നേറ്റുപോയി; അതു രാത്രിയിലായിരുന്നു." ദൈവം വെളിച്ചം ആണ്; പാപം ഇരുട്ടാണ്. യൂദാ ഇരുട്ടിനു വേണ്ടി വെളിച്ചത്തെ വിട്ടു. യൂദയിൽ സാത്താൻ നിഗൂഢമായിട്ടോ അല്ലെങ്കിൽ അമാനുഷമായിട്ടോ അല്ല പ്രവേശിച്ചത്. സാത്താനെ തന്നിൽ പ്രവേശിക്കുവാൻ യൂദാ അനുവദിക്കുകയായിരുന്നു. *ഇരുട്ടിനുവേണ്ടി വെളിച്ചത്തെ ഉപേക്ഷിക്കുന്നതു എത്ര ഖേദകരം!* യോഹന്നാൻ 13:34, 35 ലെ വാക്കുകൾ യേശു പറഞ്ഞുതീരുന്നതിനു മുൻപു യൂദാ പൊയ്ക്കളഞ്ഞു: "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു, പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും." ആകസ്മികമായ ഉപദ്രവമാണ് പാപം വരുത്തുന്നത്; പാപത്തിൽ ഉള്ള ദുഃഖകരമായ ഭാഗം അതു നിങ്ങൾക്കു നഷ്ടം വരുത്തുന്നു എന്നതാണ്. യൂദാ വളരെ നഷ്ടമാക്കി! അവൻ ഒരിക്കലും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടില്ല.

## തന്റെ അത്താഴം സ്ഥാപിക്കൽ

യേശു യൂദയെ പറഞ്ഞയച്ചശേഷം, നാം കർത്തൃമേശ എന്നു വിളിക്കുന്ന ഓർമ്മ സ്ഥാപിച്ചു (മത്തായി 26:26–29; മർക്കൊസ് 14:22–25; ലൂക്കൊസ് 22:17–20; 1 കൊരിന്ത്യർ 11:23–26). യോഹന്നാൻ 6:48–58 വായിക്കുക. അതു കർത്തൃമേശയെ സൂചിപ്പിക്കുന്ന വാക്യം അല്ല, എന്നാൽ ഉപദേശപരമായ സത്യമാണ്. രക്ഷിക്കപ്പെടുവാൻ നാം ക്രിസ്തുവിനെ ആഗിരണം ചെയ്യണം – അവന്റെ ജീവിതം, ഉപദേശം, രക്ഷ എന്നിവ സ്വീകരിക്കണം എന്നർത്ഥം.

ഒരു യോഗത്തിൽ ആയിരുന്നു കർത്തൃമേശ സ്ഥാപിച്ചത്. ആദ്യ സഭ

അതിൽ നിന്നു പങ്കിടുവാൻ കൂടി വന്നിരുന്നു (പ്രവൃത്തികൾ 20:7). പുതിയ നിയമാരാധന ലാളിത്യത്തിൽ ശോഭിക്കുന്നു - അപ്പവും വീഞ്ഞും.

**അവസാന വിശദാംശങ്ങൾ**

അടുത്തതായി, യേശുവിന്റെ ശ്രദ്ധ, അതിയായ കൂറുണ്ടായിരുന്ന പത്രൊസിൽ പതിഞ്ഞു. കോഴി കൂകുന്നതിനുമുൻപു പത്രൊസ് അവനെ മൂന്നുപ്രാവശ്യം തള്ളിപ്പറയും എന്നു യേശു കൂടി നിന്നവരോടു പറഞ്ഞു. കൂടുതൽ വിവരത്തിനു വായിക്കുക മത്തായി 26:33–35; മർക്കൊസ് 14:29, 30; യോഹന്നാൻ 13:36–38. ലൂക്കൊസ് 22:31–34 കൂടുതൽ വിവരങ്ങൾ തരുന്നു. സാത്താൻ പത്രൊസിനെ തീരുമാനിച്ചു, എന്നാൽ യേശു പത്രൊസിനു വേണ്ടി പ്രാർത്ഥിച്ചു എന്നു പറഞ്ഞു. യൂദായ്ക്കുവേണ്ടിയും അതു പോലെ യേശു പ്രാർത്ഥിച്ചിരിക്കയില്ലേ? തീർച്ചയായും, പ്രാർത്ഥിച്ചിരിക്കും. എല്ലാ പ്രാർത്ഥനക്കും നാം ആഗ്രഹി ക്കുന്നതു പോലെ ഉത്തരം കിട്ടുകയില്ല!

യോഹന്നാൻ 17–ൽ കാണുന്ന യഥാർത്ഥ “കർത്താവിന്റെ പ്രാർത്ഥന” യായ “മഹാപൗരോഹിത്യ പ്രാർത്ഥന,” യേശു എവിടെ, എപ്പോൾ, എങ്ങനെ പ്രാർത്ഥിച്ചു എന്നു നമുക്ക് അധികമൊന്നും അറിയില്ല. പ്രാർത്ഥിച്ചതിൽ വെച്ച് ഏറ്റവും വലിയ പ്രാർത്ഥനയായിരിക്കാം അത്! അവൻ അപ്പൊസ്തലന്മാർക്കും, തനിക്കും, നമുക്കും വേണ്ടി പ്രാർത്ഥിച്ചു!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today